## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 812 | 02.12.2015-ൽ മറുപടിക്ക്

### കുട്ടനാട്ടിലെ ആരോഗ്യമേഖലയിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ആർ. എച്ച്.എം, ആരോഗ്യ വകുപ്പ് എന്നിവയുടെ കീഴിൽ കുട്ടനാട്ടിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എടത്വ സി.എച്ച്.സി-യിൽ എൻ.ആർ.എച്ച്.എം. 24 ലക്ഷം രൂപ മുതൽ മുടക്കി ഐ.പി. വാർഡും ലാബും പണി കഴിപ്പിച്ച് പ്രവർത്തിച്ചു വരുന്നു. ചമ്പക്കുളം സി.എച്ച്.സി-യിൽ എൻ.ആർ.എച്ച്.എം ഒരു കോടി 35 ലക്ഷം രൂപ മുതൽ മുടക്കി ഒ.പി. കം ഡയഗ്നോസ്റ്റിക് ബ്ലോക്ക് പണി പൂർത്തീകരിച്ച് 09.08.2015-ൽ പ്രവർത്തനം ആരംഭിച്ചു. നീലംപേരൂർ പി.എച്ച്.സി-യുടെ കീഴിൽ 13 ലക്ഷം രൂപ മുതൽ മുടക്കി ഈര സെന്റർ പണി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br>ആലപ്പുഴ ജില്ലയിലെ വെള്ളത്താൽ ചുറ്റപ്പെട്ട ജനങ്ങൾക്ക് വൈദ്യസഹായം എത്തിക്കുന്നതിനു വേണ്ടി എൻ.ആർ.എച്ച്.എം. ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഫ്ലോട്ടിംഗ് ഡിസ്പെൻസറി. കുട്ടനാട്ടിൽ രണ്ട് ഫ്ലോട്ടിംഗ് ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ബോട്ട് ജെട്ടികളിൽ എത്തി വൈദ്യസഹായം നൽകുന്നു. 4 മെഡിക്കൽ ഓഫീസർ, 2 സ്റ്റാഫ് നഴ്സ് , 2 ഫാർമസിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാണ്.<br>കൂടാതെ കുട്ടനാട് ബ്ലോക്കിന്റെ കീഴിലുള്ള പ്രൈമറി സെന്ററുകളിലെ ഒഴിവുകളിൽ എൻ.ആർ.എച്ച്.എം ഡോക്ടർമാരെ നിയമിച്ച് അവിടെ സേവനം ലഭ്യമാക്കുന്നുണ്ട്. സി.എച്ച്.പി പദ്ധതിയിൽപ്പെടുത്തി പി.എച്ച്.സി കാവാലത്തും സി.എച്ച്.സി. ചമ്പക്കുളത്തും ഓരോ ലാബിന്റെ പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ